## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . T 3021 — 03.04.2013- ലെ മറുപടിക്ക്

# 'വിഷൻ 2030' രൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ഡോ. ടി. എം. തോമസ് ഐസക്:<br>ശ്രീ. കെ. രാധാകൃഷ്ണൻ:<br>,, വി. ചെന്താമരാക്ഷൻ:<br>,, കെ. സുരേഷ് കുറുപ്പ്: | | **ശ്രീ. കെ.സി. ജോസഫ്**<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) | 'വിഷൻ 2030' ന് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) | ഉണ്ട്. വിവിധ മേഖലകളിൽ ദീർഘകാല വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള വികസന പദ്ധതികളും യാഥാർത്ഥ്യ ബോധ ത്തോടെ തയ്യാറാക്കുകയും പ്രസ്തുത പദ്ധതികൾ യഥാസമയം നടപ്പാക്കി കേരളത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുകയാണ് വിഷൻ 2030 - ന്റെ ലക്ഷ്യം. |
| (ബി) | 'വിഷൻ 2030' രൂപീകരണത്തിനു നേതൃത്വം നൽകുന്നത് ഏത് സ്ഥാപനമാണെന്നും പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തത് ഏത് മാനദണ്ഡമനുസരിച്ചാ ണെന്നും വ്യക്തമാക്കുമോ; | (ബി) | ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തി ക്കുന്ന നാഷണൽ കൗൺസിൽ ഫോർ അപ്ലൈഡ് ഇക്കണോമിക് റിസർച്ച് (എൻ.സി.എ.ഇ.ആർ) എന്ന സ്ഥാപന ത്തിന്റെ സാങ്കേതിക സഹായത്തോ ടെയാണ് വിഷൻ (പെഴ്സ്പെക്ടീവ് പ്ലാൻ) 2030 തയ്യാറാക്കുന്നത്. ഇത്തരം പദ്ധതികൾ തയ്യാറാക്കുന്നതിൽ പ്രാവീണ്യമുള്ളതും പഠനങ്ങൾ നടത്തു ന്നതിനും വികസന റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും കേന്ദ്ര ഗവൺ മെന്റ്, പ്ലാനിംഗ് കമ്മിഷൻ, വിവിധ സംസ്ഥാന സർക്കാരുകൾ എന്നിവർ കൂടുതൽ ആശ്രയിക്കുന്നതുമായ ഒരു ഏജൻസി ആയതുകൊണ്ടാണ് എൻ.സി.എ.ഇ.ആർ. നെ ഈ ഉദ്യമ ത്തിനായി തെരഞ്ഞെടുത്തത്. |

| | | | |
|---|---|---|---|
| (സി) | ഇതു സംബന്ധിച്ച് ആസൂത്രണ ബോർഡുമായി ചർച്ച നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ; | (സി) | സംസ്ഥാന സർക്കാരിനു വേണ്ടി സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി തയ്യാറാക്കുന്നത്. |
| (ഡി) | ഏതെല്ലാം മേഖലകളിലുള്ള വികസനമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | (ഡി) | കൃഷി-അനുബന്ധ മേഖലകൾ, ഗ്രാമ വികസനം, വ്യവസായം, അടിസ്ഥാന സൗകര്യം, വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി, സാമൂഹ്യ ഉന്നമനം, നഗര വികസനം, വിവര സാങ്കേതിക വിദ്യ, ടൂറിസം, ജലവിഭവം, കുടിയേറ്റം, ഭരണനിർവഹണം, തുടങ്ങി വികസന ലക്ഷ്യങ്ങൾ മുൻകൂട്ടി നിശ്ചയിക്കാൻ കഴിയുന്ന എല്ലാ മേഖലകളും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. |
| (ഇ) | വിഷൻ 2030 സംബന്ധിച്ച് ഏതെല്ലാം സംഘടനകളുമായി ചർച്ച നടത്താൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ? | (ഇ) | എം.എൽ.എ.മാർ, യുവജനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവരുമായി കരട് പദ്ധതി ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, പൊതു ജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ.